# സദാചാര ഹോസ്റ്റലുകളെ തകർത്ത പെൺവിജയകഥ

**സൽമത് കെ.പി.** (കേരള വർമ്മ കോളേജ് വിദ്യാർത്ഥിനി)

**ഇന്ത്യ** സ്വതന്ത്രയാവുന്നതിനും നാല് ദിവസം മുമ്പ് സ്ഥാപിതമായ കേരളവർമ്മ കോളേജ് മറ്റൊരു സ്വാതന്ത്ര്യ പ്രഖ്യാപനത്തിന് സാക്ഷ്യം വഹിക്കുമ്പോൾ സമയം രാത്രി 9 മണി. ദിവസങ്ങളായി തുടർന്നുവന്ന സമരങ്ങൾക്കൊടുവിൽ കേരളവർമ്മ കോളേജ് അധികാരികൾക്ക് മുട്ടുമടക്കേണ്ടിവന്നു. ലേഡീസ് ഹോസ്റ്റലിലേക്ക് തിരിച്ചു കയറേണ്ട സമയം 4.30ൽ നിന്ന് 8.30 ആക്കിയിരിക്കുന്നു എന്ന് പ്രിൻസിപ്പാൾ പ്രഖ്യാപിച്ചപ്പോൾ വിജയം നേടിയത് കാലാകാലങ്ങളായി സുരക്ഷിതത്വത്തിനും സദാചാരത്തിനും മറവിൽ അടിച്ചമർത്തപ്പെട്ട ഒരു പെൺക്കൂട്ടത്തിന്റെ നിശ്ചയദാർഢ്യം ആയിരുന്നു.

സ്കൂൾ ജീവിതം കഴിഞ്ഞ് കോളേജിലേക്ക് ഞങ്ങൾ പെൺകുട്ടികൾ എത്തിയത് കുറെയധികം സ്വപ്നങ്ങളുമായാണ്. സിനിമാ പ്രദർശനങ്ങൾ, വിശാലമായ ലൈബ്രറി, പ്രണയം, സാംസ്കാരിക തലസ്ഥാനമായ തൃശൂരിലെത്തുന്നതിനാൽ സാഹിത്യ അക്കാദമി, സംഗീത നാടക അക്കാദമി, തിയേറ്റർ ഫെസ്റ്റിവൽ, ഫിലിം ഫെസ്റ്റിവൽ... ഇങ്ങനെ നീളുന്നു ഞങ്ങളുടെ സ്വപ്നങ്ങൾ. എന്നാൽ കോളേജിലെത്തിയപ്പോൾ കിട്ടിയ രണ്ടു പേജ് 'നിയമങ്ങൾ' ഞങ്ങളെ ഞെട്ടിച്ചുകളഞ്ഞു. ഹോസ്റ്റലിലെ വിദ്യാർത്ഥിനികൾക്ക് രാഷ്ട്രീയം പാടില്ല, വിദ്യാർത്ഥിനികൾ ഫസ്റ്റ് ഷോ, സെക്കൻഡ് ഷോ തുടങ്ങിയവയ്ക്ക് പോകാൻ പാടില്ല, 3.30ന് ക്ലാസ് കഴിഞ്ഞാൽ 4.30നകം ഹോസ്റ്റലിൽ കയറണം എന്നിങ്ങനെ നീളുന്ന 'അരുതു'കളായിരുന്നു അതിൽ നിറയെ. കേരളവർമ്മ അടക്കം കേരളത്തിലെ ഒട്ടുമിക്ക രാഷ്ട്രീയ പ്രബുദ്ധ ക്യാമ്പസുകളിലും റിസർവേഷൻ സീറ്റുകളിൽ അല്ലാതെ കോളേജ് യൂണിയൻ തെരഞ്ഞെടുപ്പുകളിൽ പെൺകുട്ടികൾ മത്സരിക്കാറില്ല. 73 ശതമാനത്തിലധികം പെൺകുട്ടികൾ പഠിക്കുന്ന കേരളവർമ്മയിൽ 70 വർഷത്തിനിടെ ഒരേയൊരു വനിതാ ചെയർപേഴ്സൺ മാത്രമാണ് ഉണ്ടായത്. കഴിഞ്ഞ വർഷം ചെയർപേഴ്സൺ സ്ഥാനത്തേക്ക് മത്സരിച്ച എനിക്കെതിരെ പ്രമുഖ പുരോഗമന ഇടതുപക്ഷ വിദ്യാർത്ഥി പ്രസ്ഥാനം പ്രസംഗിച്ച് നടന്നത് 'അവളൊരു ഫെമിനിസ്റ്റാണ്, അവൾക്ക് വോട്ട് ചെയ്യരുത്' എന്നാണ്. അതുകൊണ്ടുതന്നെ ഇത്തരം ആണിടങ്ങളിൽ നിന്നും ഹോസ്റ്റൽ സമയനിയന്ത്രണം ചർച്ച ചെയ്യാൻ പ്രമുഖ പ്രസ്ഥാനങ്ങൾ മുന്നോട്ടുവന്നില്ല എന്നതിൽ അത്ഭുതമില്ല.

3.30 ന് ക്ലാസ് കഴിഞ്ഞാൽ 4.30നുള്ളിൽ ഹോസ്റ്റലിൽ കയറണം. ഒരു മിനിറ്റു പോലും വൈകാൻ പാടില്ല. ആഴ്ചയിൽ മൂന്നു ദിവസം വൈകീട്ട് 3.30 മുതൽ 6 മണി വരെ കാരണങ്ങളും മറ്റും എഴുതി ഒപ്പിട്ട് അനുവാദം വാങ്ങി പുറത്തുപോകാം. ഞായറാഴ്ചയോ മറ്റ് അവധി ദിനങ്ങളിലോ ഹോസ്റ്റൽ ഗേറ്റ് കടക്കുന്നതിനെ കുറിച്ച് ചിന്തിക്കുകയേ വേണ്ട. സമയം ദീർഘിപ്പിക്കണം എന്ന ആവശ്യവുമായി സമീപിക്കുമ്പോൾ 'ഹോസ്റ്റലിനോട് ചേർന്നു ലേബർ റൂം തുടങ്ങേണ്ടി വരും' എന്നുവരെ പഴിയും. നിലവിലെ ഹോസ്റ്റൽ നിയമങ്ങളെല്ലാം മൗലികാവകാശ ലംഘനമാണെന്ന് ചൂണ്ടിക്കാണിച്ച് അന്ന് മൂന്നാം വർഷ വിദ്യാർത്ഥിനിയായിരുന്ന അഞ്ജിത. കെ ജോസ് 'യുവർ ലോയർ ഫ്രണ്ട്' എന്ന സംഘടനയുടെ സഹായത്തോടെ ഹൈക്കോടതിയെ സമീപിച്ചു. തുടർന്ന് റിൻഷാ തസ്നി എന്ന വിദ്യാർത്ഥിനി ഈ കേസ് ഏറ്റെടുത്തു. ഒന്നരവർഷത്തിനു ശേഷം ജസ്റ്റിസ് എ. മുഹമ്മദ് മുഷ്താഖ് പുറപ്പെടുവിച്ച വിധിയിൽ ആൺകുട്ടികൾക്കുള്ള എല്ലാ സ്വാതന്ത്ര്യവും പെൺകുട്ടികൾക്കും ഉണ്ട് എന്ന് നിരീക്ഷിച്ചു. ഈ ഹോസ്റ്റൽ റൂൾസ് ഹർജിക്കാരിയുടെ മാതാപിതാക്കൾ ഒപ്പിട്ട സമ്മതം രേഖപ്പെടുത്തിയത് ആണല്ലോ എന്ന മാനേജ്മെൻറ് വാദത്തിന് മാതാപിതാക്കൾ സമ്മതം നൽകി എന്നത് പ്രായപൂർത്തിയായ വിദ്യാർത്ഥിനികളുടെ അവകാശങ്ങൾ ലംഘിക്കുന്ന നിയമങ്ങളെ സാധൂകരിക്കില്ല എന്നും കോടതി പ്രസ്താവിച്ചു. വിദ്യാർത്ഥിനികൾക്ക് രാഷ്ട്രീയം പാടില്ല, സിനിമയ്ക്ക് പോകാൻ പാടില്ല തുടങ്ങിയ നിയമങ്ങൾ കോടതി റദ്ദു ചെയ്യുകയും നിലവിലുള്ള സമയം പുനക്രമീകരിക്കണം എന്നും അത് ഹോസ്റ്റലിലെ അച്ചടക്കത്തിന് ആവശ്യമായ യുക്തിസഹമായ സമയപരിധി ആവണം, മാനേജ്മെന്റിന്റെ സദാചാരം അടിച്ചേൽപ്പിക്കൽ ആവരുതെന്നും കോടതി നിഷ്കർഷിച്ചു.

വിധി വന്ന് ഒരു മാസം പിന്നിട്ടിട്ടും ഒരു നടപടിയും സ്വീകരിക്കാൻ മാനേജ്മെന്റ് തയ്യാറാകാത്തതിനെത്തുടർന്ന് വിധിയുടെ പകർപ്പ് ലഭിച്ചയുടൻ പ്രിൻസിപ്പാളിനെ സമീപിച്ചു. അവഗണനമാത്രമായിരുന്നു ഫലം. ഒടുവിൽ നൂറിൽപരം വിദ്യാർത്ഥിനികൾ തങ്ങൾ 'കൂട്ടിൽ' കയറേണ്ടിയിരുന്ന സമയമായ 4.30 ഓടെ ഹോസ്റ്റൽ ഗേറ്റിനു പുറത്ത് പാട്ടും മുദ്രാവാക്യങ്ങളുമായി ഒത്തുകൂടി. വാഗ്ദാനങ്ങൾ പാലിക്കപ്പെടാതെ വന്നപ്പോൾ പിറ്റേന്നും സമരത്തിനിറങ്ങി. ഗേറ്റ് പൂട്ടിയിട്ടപ്പോൾ ഗേറ്റ് ചാടിക്കടന്ന് രാത്രി 12 മണി വരെ പ്രതിഷേധിച്ചു. ഇതിന്റെ ഫലമായി വിദ്യാർത്ഥികളുമായി ചർച്ച ചെയ്യാൻ അധികാരികൾ തയ്യാറായെങ്കിലും സമയം നിശ്ചയിക്കേണ്ടത് രക്ഷിതാക്കളും മാനേജ്മെന്റും ആണ് എന്ന വാദത്തിൽ തന്നെ ദേവസ്വം മാനേജ്മെന്റ് ഉറച്ചുനിന്നു. ഒടുവിൽ പെൺക്കൂട്ടത്തിന്റെ നിശ്ചയദാർഢ്യത്തിനു മുന്നിൽ മാനേജ്മെൻറ് മുട്ടുമടക്കി. ഹോസ്റ്റലിലേക്ക് കയറേണ്ട സമയം 8.30 ആക്കിയിരിക്കുന്നു എന്ന് പ്രിൻസിപ്പാൾ പ്രഖ്യാപിച്ചു. പിറ്റേന്ന് വിളിച്ചുകൂട്ടിയ രഹസ്യ പി.ടി.എ മീറ്റിങ്ങിൽ അരങ്ങേറിയത് നാടകീയ രംഗങ്ങളായിരുന്നു. സമരം നയിക്കുന്ന വിദ്യാർത്ഥിനികൾ തെണ്ടിത്തിരിഞ്ഞു നടക്കുന്നവരാണ് എന്നും പരാതിക്കാരിയായ പെൺകുട്ടിയെയും സുഹൃത്തിനെയും ഹോസ്റ്റൽ വാർഡൻ ഒരു ദാരുണമായ പീഡനം നടക്കേണ്ടിയിടത്തുനിന്നും സാഹസികമായി രക്ഷിച്ചവരാണെന്നുമുള്ള കഥകൾ നിറഞ്ഞാടി. ഹൈക്കോടതിയിൽ കേസ് കൊടുത്തതിനു പുറകിൽ ഏതോ സെക്സ് റാക്കറ്റ് ആണെന്നും കൂടി പറഞ്ഞു. പി.ടി.എ മീറ്റിംഗിന്റെ അടിസ്ഥാനത്തിൽ സമയം 7.30 ആയി കുറച്ചു പുതിയ സർക്കുലറും ഇറങ്ങി. ഞങ്ങൾ നേടിയെടുത്ത കോടതിവിധിക്കും അവകാശ പോരാട്ടങ്ങൾക്കും ശേഷം അടുത്തിടെ കേരള ഉന്നത വിദ്യാഭ്യാസ വകുപ്പ് പുറത്തിറക്കിയ സർക്കുലറിൽ കേരള സർക്കാർ കോളേജുകൾക്കും, സർവകലാശാലകൾക്കും കീഴിലുള്ള വനിതാ ഹോസ്റ്റലുകളിലെ സമയം 9.30 ആക്കി. ഈ ഉത്തരവും പൂർണ്ണമല്ല. കേരളത്തിലെ ഭൂരിപക്ഷം വരുന്ന പ്രൈവറ്റ്, എയ്ഡഡ് കോളേജുകളിലെ ഹോസ്റ്റൽ സമയം ഈ ഉത്തരവിന് ഇപ്പോഴും വെളിയിൽ തന്നെയാണല്ലോ. ■